## അത്തകാഥുർ
(പെരുമ നടിക്കൽ)

سُورَةُ التَّكَاثُر

### അദ്ധ്യായം - 102

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

1,2. നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുന്നതുവരേക്കും പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു.[1]

أَلْهَىٰكُمُ ٱلتَّكَاثُرُ ﴿١﴾

حَتَّىٰ زُرْتُمُ ٱلْمَقَابِرَ ﴿٢﴾

3. നിസ്സംശയം, നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും.

كَلَّا سَوْفَ تَعْلَمُونَ ﴿٣﴾

4. പിന്നെയും; നിസ്സംശയം; നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും.

ثُمَّ كَلَّا سَوْفَ تَعْلَمُونَ ﴿٤﴾

5,6. നിസ്സംശയം; നിങ്ങൾ ദൃഢമായ അറിവ് അറിയുമായിരുന്നെങ്കിൽ ജ്വലിക്കുന്ന നരകത്തെ നിങ്ങൾ കാണുക തന്നെ ചെയ്യും.

كَلَّا لَوْ تَعْلَمُونَ عِلْمَ ٱلْيَقِينِ ﴿٥﴾

لَتَرَوُنَّ ٱلْجَحِيمَ ﴿٦﴾

7. പിന്നെ തീർച്ചയായും നിങ്ങൾ അതിനെ ദൃഢമായും കണ്ണാൽ കാണുക തന്നെ ചെയ്യും.

ثُمَّ لَتَرَوُنَّهَا عَيْنَ ٱلْيَقِينِ ﴿٧﴾

8. പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും.[2]

ثُمَّ لَتُسْـَٔلُنَّ يَوْمَئِذٍ عَنِ ٱلنَّعِيمِ ﴿٨﴾

---

[1] 'നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുന്നതു വരെ' എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് 'നിങ്ങൾ മരിച്ചു മറവ് ചെയ്യപ്പെടുന്നത് വരെ' എന്നത്രെ. ഭൗതിക നേട്ടങ്ങളുടെ പേരിലുള്ള പെരുമയും പൊങ്ങച്ചവും കാരണം സത്യത്തെയും ധർമ്മത്തെയും പറ്റി മനുഷ്യർ അശ്രദ്ധയിലാകുന്ന അവസ്ഥ മരണം വരെയും തുടരുന്നു എന്ന സത്യത്തിലേക്ക് ഈ വചനങ്ങൾ നമ്മുടെ ശ്രദ്ധ തിരിക്കുന്നു.

[2] അല്ലാഹുവിൻെറ അളവറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് ഓരോ നിമിഷവും നാം ജീവിക്കുന്നത്. ഈ അനുഗ്രഹങ്ങളോട് നാം ഏത് വിധമാണ് പ്രതികരിച്ചതെന്നതിനെ പറ്റി അല്ലാഹുവിൻെറ ചോദ്യം ചെയ്യലിൽ നിന്ന് നമുക്ക് ഒഴിഞ്ഞു മാറാനാവില്ല.